**File No.HEALTH-B3/237/2020-HEALTH** 08 FEB 2021

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ - കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ നൂതന സംരംഭമായ 'Karunya@Home' (Household Outreach of Medicines & Equipments) പദ്ധതിയുടെ പദ്ധതിരേഖയും രജിസ്ട്രേഷൻ ഫോമും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

G.O.(Rt)No.324/2021/H&FWD തീയതി,തിരുവനന്തപുരം, 04/02/2021

---

പരാമർശം. 1. സ.ഉ.(കൈ) നം.186/2012/ആ.കു.വ തീയതി 19.06.2012

2. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 21.12.2020-ലെ കെ.എം.എസ്.സി.എൽ/സിപിഎസ്-സെയിൽസ്/434/ 2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തുടനീളം ഗുണമേന്മയോടുകൂടിയ മരുന്നുകൾ ലാഭേച്ഛയില്ലാതെ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. തിരുവനന്തപുരം ജില്ലയിലെ നഗരപരിധിയിൽ വസിക്കുന്നവർക്ക് ഫാർമസികളിലെത്തിച്ചേരാതെ തന്നെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 'ഫാമിലി മെഡിസിൻ കാർഡ് പദ്ധതി' എന്നൊരു പദ്ധതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആവിഷ്കരിച്ചിരുന്നു. 1% അധിക വിലക്കിഴിവോടു കൂടി നാമമാത്രമായ സർവ്വീസ് ചാർജ്ജ് ഈടാക്കികൊണ്ട് മരുന്നുകൾ വീട്ടിലെത്തിച്ചു കൊടുക്കുന്ന ഈ പദ്ധതി 2012 മുതൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.

2. ജീവിതകാലം മുഴുവൻ മരുന്നു കഴിക്കേണ്ടി വരുന്ന വിഭാഗത്തിൽപ്പെട്ട ഫാർമസിയുടെ ഉപഭോക്താക്കൾക്ക് പ്രത്യേകിച്ച് കിടപ്പ് രോഗികൾക്കും കാൻസർ ബാധിതർക്കും ജീവിതശൈലി രോഗബാധിതർക്കും ഒട്ടേറെ പ്രയോജനപ്രദമായ 'ഫാമിലി മെഡിസിൻ കാർഡ് പദ്ധതി' കേരളമൊട്ടാകെ വ്യാപിപ്പിക്കുന്നതിനും സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ലക്ഷോപലക്ഷം വരുന്ന ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പിലാക്കുന്നതിനും വേണ്ടി 'Karunya@Home' എന്ന പേരിൽ ഫാമിലി മെഡിസിൻ കാർഡ് പദ്ധതിയുടെ പ്രവർത്തന മേഖല വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും ആയതിനാൽ പദ്ധതിരേഖയ്ക്കും രജിസ്ട്രേഷൻ ഫാറത്തിനും അംഗീകാരം നൽകണമെന്നും പരാമർശം (2) കത്ത് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1% അധിക വിലക്കിഴിവോടു കൂടി ആവശ്യാനുസരണം മരുന്നും മറ്റ് അനുബന്ധ സാമഗ്രികളും ഫാർമസിയിലെത്തിച്ചേരാതെ തന്നെ കേരളത്തിലെ മുതിർന്ന പൗരൻമാരുടെ കൈകളിൽ എത്തിച്ചേരുന്നതിനാൽ സാമ്പത്തിക ലാഭത്തോടൊപ്പം 'കോവിഡിനോടൊപ്പം സുരക്ഷിതരായി ജീവിക്കുക' എന്ന പുതിയ ജീവിതശൈലിയോട് ചേർന്ന് ജീവിക്കുവാൻ ഈ പദ്ധതി സഹായകമാകും. കൂടാതെ തിരക്കേറിയ ആധുനിക ജീവിതത്തിനിടെ ഒറ്റപ്പെട്ട് പോകുന്ന വയോജനങ്ങൾക്ക് ഈ പദ്ധതി ഒരു കൈത്താങ്ങായിരിക്കുകയും ചെയ്യും. ഈ സാഹചര്യത്തിൽ 'Karunya@Home' എന്ന പദ്ധതിയുടെ പദ്ധതിരേഖയ്ക്കും രജിസ്ട്രേഷൻ ഫാറത്തിനും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. അംഗീകരിച്ച പദ്ധതിരേഖ, രജിസ്ട്രേഷൻ ഫോം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANU B.
ADDITIONAL SECRETARY

മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by ANIL KUMAR D
Date: 2021.02.04 17:35:47 IST
Reason: Approved
സെക്ഷൻ ഓഫീസർ

അനുബന്ധം-1

## 'Karunya@Home' പദ്ധതിയുടെ വിശദാംശങ്ങൾ

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി നിലവിൽ വിതരണം ചെയ്യുന്ന മരുന്നുകളും ഉപകരണങ്ങളും ഗുണഭോക്താക്കൾക്ക് വീട്ടിൽ എത്തിച്ചുനൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതിയുടെ പേര് Karunya @ HOME (Household Outreach of Medicines & Equipments) എന്നതാണ്.

### പദ്ധതിയുടെ പ്രത്യേകതകൾ

i. ഈ പദ്ധതിയിൽ അംഗമാകുന്നവർക്ക് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള കുറിപ്പടിയിലെ മരുന്നുകൾ പ്രതിമാസം വീട്ടിലെത്തിച്ച് നൽകുന്നതാണ്.

ii. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക്, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും നേരിട്ട് വാങ്ങുന്നതിലും ഉപരിയായി, 1% അധിക വില കിഴിവ് നൽകുന്നതാണ്. ഈ വിലക്കിഴിവ് നേരിട്ട് ബിൽ തുകയിൽ നിന്നും, ലഭ്യമാകുന്നതാണ്.

### പദ്ധതിയിലെ അംഗത്വം

i. തുടക്കത്തിൽ സംസ്ഥാന സർക്കാർ പെൻഷൻകാർക്കാണ് പദ്ധതിയിൽ അംഗത്വം ലഭിക്കുക. ഈ പദ്ധതിയിൽ അംഗമാകുന്നതിനായി പൂരിപ്പിച്ച അപേക്ഷഫോറത്തിനോടൊപ്പം ആനുകാലിക കുറിപ്പടികളുടെ (കഴിഞ്ഞ 6 മാസക്കാലയളവിൽ പുതുക്കിയത്) പകർപ്പും, ആധാർ കാർഡും സമർപ്പിക്കേണ്ടതാണ്.

ii. ജീവിതപങ്കാളി/ആശ്രിതൻ/ആശ്രിതയെ കൂടി (ഒരാളെ കൂടി മാത്രം) ഈ പദ്ധതിയുടെ ഗുണഭോക്താവായി നിശ്ചയിക്കാവുന്നതാണ്. ഇതിനായി ടി വ്യക്തിയുടെ മരുന്നിന്റെ കുറിപ്പടിയുടെയും ആധാർ കാർഡിന്റെയും പകർപ്പുകൾ കൂടി ഹാജരാക്കേണ്ടതാണ്.

iii. പൂരിപ്പിച്ച അപേക്ഷകൾ ജില്ല മരുന്ന് സംഭരണ ശാലകളിലോ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലോ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആസ്ഥാന ഓഫീസ് മേൽവിലാസത്തിലോ അയയ്ക്കാവുന്നതാണ്.

iv. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ വെബ്സൈറ്റായ www.kmscl.kerala.gov.in വഴി അപേക്ഷഫോം ഓൺലൈനായും നൽകാവുന്നതാണ്.

### പണം ഒടുക്കേണ്ട രീതി

i. മുൻകൂറായി നൽകേണ്ട ഏറ്റവും കുറഞ്ഞ തുക 1,000/- രൂപയാണ്. എന്നാൽ, ഉപഭോക്താവ് സമർപ്പിച്ചിട്ടുള്ള കുറിപ്പടികൾ പ്രകാരം, ടി തുക ഒരു മാസത്തെ മരുന്ന് വിതരണത്തിന് പര്യാപ്തമല്ലായെങ്കിൽ, കൂടുതൽ തുക 500-ന്റെ ഗുണിതങ്ങളായി മുൻകൂറായി നൽകേണ്ടതാണ്. പ്രതിമാസ വിതരണത്തിന് ശേഷം കോർപ്പറേഷനിൽ ബാക്കി നിൽക്കുന്ന തുക, അടുത്ത മാസത്തെ മരുന്ന് വിതരണത്തിനായി പരിഗണിക്കുന്നതാണ്.

ii. ബാങ്ക് അക്കൗണ്ടോ, ട്രഷറി അക്കൗണ്ടോ വഴി മുൻകൂർ തുക അടയ്ക്കാവുന്നതാണ്. കൂടാതെ സമീപത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴിയോ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറുടെ പേരിലെടുത്ത ചെക്ക് വഴിയോ പണം അടയ്ക്കാവുന്നതാണ്.

iii. കോർപ്പറേഷന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് പണമടയ്ക്കുകയാണെങ്കിൽ, അടച്ച തുക, തീയതി, UTR നമ്പർ മുതലായ വിശദാംശങ്ങൾ കോർപ്പറേഷന് കത്ത്/ ഇ-മെയിൽ മുഖാന്തിരം കൈമാറേണ്ടതാണ്.

iv. മുൻകൂർ തുക ലഭിച്ചതിന് ശേഷം, ഉപഭോക്താവിന്റെ രജിസ്ട്രേഷൻ നമ്പർ പതിച്ച ഒരു കാർഡ് ലഭ്യമാക്കുന്നതാണ്. തുടർന്ന് കോർപ്പറേഷനുമായി നടത്തുന്ന ആശയവിനിമങ്ങളിൽ ഉപഭോക്താവ് ഈ നമ്പർ നിർബന്ധമായും പരാമർശിക്കേണ്ടതാണ്.

കുറിപ്പടി സമർപ്പിക്കുന്നത് സംബന്ധിച്ച്

i. കുറിപ്പടി കൃത്യമായ ഇടവേളകളിൽ ഡോക്ടറുടെ നിർദ്ദേശ പ്രകാരം പുതുക്കി സമർപ്പിക്കേണ്ടതാണ്.

ii. Habit forming drugs അടങ്ങിയ കുറിപ്പടികൾ ഓരോ മൂന്നു മാസ ഇടവേളകളിൽ ഡോക്ടറുടെ നിർദ്ദേശ പ്രകാരം പുതുക്കി സമർപ്പിക്കേണ്ടതാണ്.

iii. കുറിപ്പടിയിൽ വ്യതിയാനങ്ങളുണ്ടാവുന്ന ഘട്ടങ്ങളിലോ, അധികമായ ഒരു കുറിപ്പടി കൂട്ടിച്ചേർക്കുന്നതിനോ, രജി. നം. രേഖപ്പെടുത്തിയ അപേക്ഷ സഹിതം ടി കുറിപ്പടിയുടെ പകർപ്പ് കത്ത്/ ഇ-മെയിൽ മുഖാന്തിരമോ, സമീപമുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴിയോ ലഭ്യമാക്കേണ്ടതാണ്, വെബ്സൈറ്റ് വഴി ഓൺലൈനായി അപ് ലോഡ് ചെയ്യാനുള്ള സൗകര്യവും ലഭ്യമാണ്.

iv. ടി കുറിപ്പടി കോർപ്പറേഷൻ വിശകലനം ചെയ്ത് അധിക മുൻകൂർ പണം ആവശ്യമെങ്കിൽ ഈ വിവരം ഉഭോക്താവിനെ അറിയിക്കുന്നതാണ്. പണമടച്ചതിന് ശേഷം, അടുത്ത പ്രതിമാസ വിതരണത്തോടൊപ്പം ടി മരുന്നുകളും ലഭ്യമാക്കുന്നതാണ്.

മരുന്ന് വിതരണം

i. പണം ഒടുക്കിയ ഉണഭോക്താവിന് എത്രയും വേഗം കൊറിയർ മുഖേന മരുന്ന് അപേക്ഷയിലെ മേൽവിലാസത്തിൽ എത്തിക്കുന്നതാണ്.

ii. പ്രതിമാസ വിതരണത്തോടനുബന്ധിച്ച് ലഭിക്കുന്ന ബില്ലിൽ, ഉപഭോക്താവ് മുൻകൂർ അടച്ച തുകയിൽ നിന്നും ശേഷിക്കുന്ന തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കും.

iii. തുടർച്ചയായ പ്രതിമാസ മരുന്ന് വിതരണം ഉറപ്പ് വരുത്തുവാൻ, മതിയായ മുൻകൂർ ധനം ഉപഭോക്താവ് ഉറപ്പ് വരുത്തേണ്ടതാണ്.

iv. ഉപഭോക്താവിനുള്ള മരുന്നുകൾ ബില്ല് ചെയ്യുമ്പോഴും, കൊറിയർ മുഖേന അയയ്ക്കുമ്പോഴും, അപേക്ഷാ ഫോമിൽ നൽകിയിട്ടുള്ള മൊബൈൽ നമ്പറിൽ സന്ദേശം ലഭിക്കുന്നതാണ്. മരുന്നുമായി കൊറിയർ സേവനദാതാവ് എത്തുന്ന വിവരം അപേക്ഷാഫോമിൽ നൽകിയിട്ടുള്ള ഫോൺ നമ്പരുകളിൽ വിളിച്ച് അറിയിക്കുന്നതുമാണ്.

v. ഉപഭോക്താവിനോ, ഉപഭോക്താവ് അധികാരപ്പെടുത്തിയ വ്യക്തിയ്ക്കോ മാത്രം ആയിരിക്കും മരുന്ന് കൈമാറ്റം നടത്തുക.

vi. ആവശ്യപ്പെടുന്നതിനനുസരിച്ച് ഗ്ലൂക്കോമീറ്റർ, ബി. പി. അപ്പാരറ്റസ്, എയർ ബെഡ് മുതലായ അനുബന്ധ സാമഗ്രികൾ ഡോക്ടറുടെ കുറിപ്പ് കൂടാതെ വിതരണം ചെയ്യുന്നതാണ്.

vii. ഉപഭോക്താവ് നൽകിയ മേൽവിലാസത്തിൽ മരുന്നുമായി കൊറിയർ സേവനദാതാവ് എത്തിയതിന് ശേഷം മരുന്ന് കൈമാറ്റം ചെയ്യാതെ മടങ്ങേണ്ട സാഹചര്യം ഉടലെടുത്താൽ, ഉപഭോക്താവോ, അധികാരപ്പെട്ടത്തിയ വ്യക്തിയോ അപേക്ഷാ ഫോമിൽ രേഖപ്പെടുത്തിയിട്ടുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും മരുന്നുകൾ ഏഴ് ദിവസത്തിനകം കൈപ്പറ്റേണ്ടതാണ്.

viii. മരുന്നുകൾ ലഭ്യമാകേണ്ട മേൽവിലാസത്തിൽ വ്യതിയാനം സംഭവിച്ചാൽ, ഉടൻ തന്നെ കത്ത്/ ഇ-മെയിൽ മുഖാന്തിരം കോർപ്പറേഷനെ അറിയിക്കേണ്ടതാണ്. കോർപ്പറേഷന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായി മേൽവിലാസം മാറ്റുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.

കാർഡ് കൈമോശം വരുന്നത് സംബന്ധിച്ച്

i. ടി കാർഡ് നഷ്ടപ്പെട്ടാൽ, രേഖാമൂലം അപേക്ഷിച്ച് 50 രൂപ അടച്ച് ഒരു മാസത്തിനകം പുതിയ കാർഡ് കരസ്ഥമാക്കാവുന്നതാണ്.

ii. തുടർച്ചയായി 6 മാസം മരുന്നുകൾ വാങ്ങാതിരുന്നാൽ, ഉപഭോക്താവിന്റെ രജിസ്ട്രേഷൻ മരവിപ്പിക്കുകയും, തുടർന്ന് ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കി, 50 രൂപയടയ്ക്കുകയും ചെയ്താൽ മരുന്ന് വിതരണം പുന:രാരംഭിക്കുകയും ചെയ്യുന്നതാണ്.

തുടർ സേവനങ്ങൾ

i. ലഭിക്കുന്ന മരുന്നുകൾക്ക് എന്തെങ്കിലും തരത്തിലുള്ള ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടാൽ, 48 മണിക്കൂറിനകം തന്നെ ഇവയെ സംബന്ധിച്ച പരാതി തൊട്ടടുത്ത കാരുണ്യ ഫാർമസിയിൽ അറിയിക്കേണ്ടതാണ്. ശീതീകരണ സംവിധാനം ആവശ്യമുള്ള മരുന്നുകളെ സംബന്ധിച്ചുള്ള പരാതികൾ 24 മണിക്കൂറിനുള്ളിൽ തന്നെ അറിയിക്കേണ്ടതാണ്. ഈ പരാതി പരിശോധിച്ച് ബോധ്യപ്പെട്ടാൽ, കോർപ്പറേഷന്റെ ചെലവിൽ ഉചിതമായ സത്വര പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

ii. മരുന്നുകൾ തിരികെ നൽകേണ്ട സാഹചര്യത്തിൽ, ബിൽ സഹിതം അടുത്തുള്ള കാരുണ്യ ഫാർമസിയിൽ 10 ദിവസത്തിനകം എൽപ്പിക്കാവുന്നതാണ്. ഉപഭോക്താവിന് പകരം മരുന്ന് അടുത്ത പ്രതിമാസ വിതരണത്തോടൊപ്പം നൽകുന്നതായിരിക്കും. അല്ലാത്ത പക്ഷം, ആയതിനുള്ള തുക ഒരു മാസത്തിനകം ഉപഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതായിരിക്കും.

പരാതി പരിഹാരം

i. പ്രതിമാസ വിതരണത്തോടനുബന്ധിച്ച് ലഭിക്കുന്ന ബില്ലിൽ, ടോൾ ഫ്രീ നമ്പറും, ജില്ല ഓഫീസിന്റെയും, ടി ജില്ലയിലുള്ള കാരുണ്യ ഫാർമസികളുടെയും, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മുഖ്യകാര്യാലയത്തിന്റെയും ഫോൺ നമ്പരുകളും, ഇ-മെയിൽ വിലാസവും, തപാൽ മേൽവിലാസവും രേഖപ്പെടുത്തിയിട്ടുണ്ടാകും.

ii. മരുന്ന് വിതരണത്തെ സംബന്ധിച്ച്, പരാതികളുണ്ടെങ്കിൽ ജില്ലാ ഓഫീസിനെ ബന്ധപ്പെടാവുന്നതും, 7 പ്രവൃത്തി ദിവസത്തിനുള്ളിൽ പരിഹാരം ലഭ്യമായില്ലെങ്കിൽ തിരുവനന്തപുരത്തുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മുഖ്യകാര്യാലയത്തിൽ ഇ-മെയിൽ/ഫോൺ മുഖാന്തിരം ബന്ധപ്പെടാവുന്നതുമാണ്.

iii. യഥാവിധി അറിയിച്ച് ഉപഭോക്താവിന് എപ്പോൾ വേണമെങ്കിലും ഈ പദ്ധതിയിൽ നിന്നും പിൻമാറാവുന്നതും, മുൻകൂറായി അടച്ചിരിക്കുന്ന തുകയിൽ ബാക്കിയുള്ള തുക 1 മാസത്തിനകം ഉപഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതുമാണ്.

iv. നിലവിൽ പദ്ധതിയുടെ ആരംഭം കുറിയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലുടനീളം മരുന്നുസംഭരണ വിതരണ പ്രക്രിയ ഏകോപിപ്പിക്കുന്നത് മൂന്ന് കേന്ദ്രങ്ങളിലൂടെയാണ്. ഭാവിയിൽ പദ്ധതിയുടെ വളർച്ചയ്ക്കനുസരിച്ച് ഓരോ ജില്ലയിലും ഓരോ മരുന്നുവിതരണ കേന്ദ്രം ആരംഭിക്കുന്നതാണ്.

## രജിസ്ട്രേഷൻ ഫോം

| | |
|---|---|
| അപേക്ഷകൻ/അപേക്ഷകയുടെ പേര് (മലയാളത്തിൽ) | |
| (ഇംഗ്ലീഷിൽ) | |
| വയസ്സ് | പുരുഷൻ/സ്ത്രീ |
| ആധാർ നമ്പർ | |
| സ്ഥിര മേൽവിലാസം | |
| മരുന്നുകൾ ലഭ്യമാക്കേണ്ട മേൽവിലാസം | |
| ഏറ്റവും അടുത്തുള്ള കാരുണ്യ ഫാർമസി (അനുബന്ധം 2 പട്ടിക കാണുക) | |
| മൊബൈൽ ഫോൺ നമ്പർ | |
| ബദൽ ഫോൺ നമ്പർ | |
| ഇ-മെയിൽ | |
| ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ | |
| അക്കൗണ്ട് നം. | |
| ബാങ്ക് ശാഖയുടെ പേരും മേൽവിലാസവും | |
| IFSC | |
| സർക്കാർ സേവനത്തിൽ നിന്നും വിരമിച്ചതാണെങ്കിൽ | PPO നം. |
| | TSB A/C നം. |
| ജീവിത പങ്കാളിയെ/ആശ്രിതൻ/ആശ്രിതയെ കൂടി പദ്ധതിയുടെ ഗുണഭോക്താവാക്കുന്നുണ്ടെങ്കിൽ | ജീവിത പങ്കാളി/ആശ്രിതൻ/ ആശ്രിതയുടെ പേര് |
| | ആധാർ നം. |
| അടയ്ക്കുവാനുദ്ദേശിക്കുന്ന മുൻകൂർ തുക (ഏറ്റവും കുറഞ്ഞത് 1000 രൂപയും, തുടർന്ന് 500 ന്റെ ഗുണിതങ്ങളും) | |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ സത്യമാണെന്നും, ടി പദ്ധതിയുടെ നിബന്ധനകളും വ്യവസ്ഥകളും മനസ്സിലാക്കി, അതിനനുസരിച്ച് പ്രവർത്തിച്ചുകൊള്ളാമെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്

പരിശോധന പട്ടിക

- അപേക്ഷകൻ/അപേക്ഷകയുടെ ആധാർ കാർഡ്
- ജീവിത പങ്കാളി/ആശ്രിതൻ/ആശ്രിതയുടെ ആധാർ കാർഡ് (ആവശ്യമെങ്കിൽ)
- കുറിപ്പടികളുടെ പകർപ്പ് (ആറു മാസത്തിനകം പുതുക്കിയത്)

അനുബന്ധം-2

## കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പട്ടിക

| ക്രമ നം. | ജില്ല | ഫാർമസി |
|---|---|---|
| 1. | തിരുവനന്തപുരം | 1. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം., ഫോൺ നം. – 0471 2440191<br>2. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, സാമൂഹികാരോഗ്യ കേന്ദ്രം, കല്ലറ. ഫോൺ നം. – 0472 2863028<br>3. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, നെയ്യാറ്റിൻകര. ഫോൺ നം. – 0471 2221153.<br>4. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, തൈക്കാട്. ഫോൺ നം. – 0471 2332663.<br>5. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, വർക്കല. ഫോൺ നം. – 0470 2602539<br>6. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, പേരൂർക്കട. ഫോൺ നം. – 0471 2434223.<br>7. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, കോസ്റ്റൽ സ്പെഷ്യാലിറ്റി ആശുപത്രി, വലിയതുറ. ഫോൺ നം. – 0471 2506222.<br>8. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, ഫോർട്ട്. ഫോൺ നം. – 0471 2477122.<br>9. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, നെടുമങ്ങാട്. ഫോൺ നം. – 0472 2803222.<br>10. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, തിരുവനന്തപുരം. ഫോൺ നം. – 0471 2307875.<br>11. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പാറശ്ശാല. ഫോൺ നം. – 0471 2202860. |

| | | |
|---|---|---|
| 2. | കൊല്ലം | 1. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, കൊല്ലം.<br>ഫോൺ നം. – 0474 2752770<br>2. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, കൊട്ടാരക്കര.<br>ഫോൺ നം. – 0474 2454100<br>3. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി. ഫോൺ നം. – 0476 2623500<br>4. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, പുനലൂർ.<br>ഫോൺ നം. – 0475 2226001.<br>5. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, കടക്കൽ.<br>ഫോൺ നം. – 0474 2423353<br>6. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽകോളേജ് ആശുപത്രി, പാരിപ്പള്ളി.<br>ഫോൺ നം. – 0474 2576007.<br>7. രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രി. നെടുങ്കോലം. ഫോൺ നം. – 0474 2956244. |
| 3. | ആലപ്പുഴ | 1. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ.<br>ഫോൺ നം. – 0477 2280060<br>2. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, ആലപ്പുഴ.<br>ഫോൺ നം. – 0477 2252950<br>3. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, ചെങ്ങന്നൂർ.<br>ഫോൺ നം. – 0479 2451860<br>4. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, കായംകുളം.<br>ഫോൺ നം. – 0479 2442700<br>5. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, ഹരിപ്പാട്.<br>ഫോൺ നം. – 0479 2413110<br>6. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, ചേർത്തല.<br>ഫോൺ നം. – 0478 2812810<br>7. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, മാവേലിക്കര.<br>ഫോൺ നം. – 0479 2304900 |
| 4. | പത്തനംതിട്ട | 1. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, തിരുവല്ല.<br>ഫോൺ നം. – 0469 2600678<br>2. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, അടൂർ.<br>ഫോൺ നം. – 04734 223349.<br>3. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, പത്തനംതിട്ട. ഫോൺ നം. – 0468 2986400 |

| | | |
|---|---|---|
| 5. | കോട്ടയം | 1. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ്, കോട്ടയം. ഫോൺ നം. – 0481 2590499<br>2. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, കോട്ടയം. ഫോൺ നം. – 0481 2300087<br>3. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, പാല. ഫോൺ നം. – 0482 2214540.<br>4. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, വൈക്കം. ഫോൺ നം. – 0482 9298800.<br>5. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി. ഫോൺ നം. – 0481 2410600. |
| 6. | എറണാകുളം | 1. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, എറണാകുളം. ഫോൺ നം. – 0484 2351815<br>2. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, നോർത്ത് പറവൂർ. ഫോൺ നം. – 0484 2441770<br>3. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, പെരുമ്പാവൂർ. ഫോൺ നം. – 0484 2528533.<br>4. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ് ആശുപത്രി, കളമശ്ശേരി. ഫോൺ നം. – 0484 2410123<br>5. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, അങ്കമാലി. ഫോൺ നം. – 0484 2458190 |
| 7. | ഇടുക്കി | 1. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, നെടുങ്കണ്ടം. ഫോൺ നം. – 04868 233230. |
| 8. | തൃശ്ശൂർ | 1. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ. ഫോൺ നം. – 0487 2202949.<br>2. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, ചാലക്കുടി. ഫോൺ നം. – 0480 2701860.<br>3. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, തൃശ്ശൂർ. ഫോൺ നം. – 0487 2975601. |
| 9. | പാലക്കാട് | 1. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, പാലക്കാട്. ഫോൺ നം. – 0491 2502035.<br>2. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, ഒറ്റപ്പാലം. ഫോൺ നം. – 0466 2244606.<br>3. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, പട്ടാമ്പി. ഫോൺ നം. – 0466 2971000.<br>4. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, മണ്ണാർക്കാട്. ഫോൺ നം. – 0492 4223044. |

| | | |
|---|---|---|
| 10. | മലപ്പുറം | 1. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, തിരൂർ.<br>ഫോൺ നം. – 0494 2421720.<br>2. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ് ആശുപത്രി, മഞ്ചേരി.<br>ഫോൺ നം. – 0483 2767300.<br>3. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി,<br>താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പൊന്നാനി. ഫോൺ നം. – 0494 2663100 |
| 11. | കോഴിക്കോട് | 1. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ്, കോഴിക്കോട്. ഫോൺ നം. – 0495 2353275.<br>2. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ബീച്ച് ആശുപത്രി, കോഴിക്കോട്.<br>ഫോൺ നം. – 0495 2365455.<br>3. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, വടകര.<br>ഫോൺ നം. – 0496 2513699.<br>4. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, ബാലുശ്ശേരി.<br>ഫോൺ നം. – 0496 2642975.<br>5. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, പേരാമ്പ്ര.<br>ഫോൺ നം. – 0496 2610855.<br>6. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, കൊയിലാണ്ടി.<br>ഫോൺ നം. – 0496 2624930.<br>7. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, താമരശ്ശേരി.<br>ഫോൺ നം. – 0495 2223201. |
| 12. | വയനാട് | 1. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, സുൽത്താൻ ബത്തേരി. ഫോൺ നം. – 0493 6225898.<br>2. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, മാനന്തവാടി.<br>ഫോൺ നം. – 0493 5246162.<br>3. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, കൽപ്പറ്റ.<br>ഫോൺ നം. – 0493 6203898. |

| | | |
|---|---|---|
| 13. | കണ്ണൂർ | 1. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, കണ്ണൂർ.<br>ഫോൺ നം. – 0497 2731590.<br>2. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, പയ്യന്നൂർ.<br>ഫോൺ നം. – 0498 5202133.<br>3. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, കൂത്തുപറമ്പ്.<br>ഫോൺ നം. – 0490 2360200.<br>4. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്ക് ഹെഡ്ക്വാർട്ടേർസ് ആശുപത്രി, തളിപ്പറമ്പ്.<br>ഫോൺ നം. – 0460 2205800.<br>5. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, സാമൂഹികാരോഗ്യകേന്ദ്രം, പാനൂർ.<br>ഫോൺ നം. – 0490 2310033.<br>6. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, തലശ്ശേരി.<br>ഫോൺ നം. – 0490 2320400.<br>7. മെഡിക്കൽ കോളേജ്, പരിയാരം.<br>ഫോൺ നം. – 0497 2967700. |
| 14. | കാസർഗോഡ് | 1. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, കാസർഗോഡ്.<br>ഫോൺ നം. – 0499 4231020.<br>2. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, കാഞ്ഞങ്ങാട്. ഫോൺ നം. – 0467 2205039. |